എന്നീ തലങ്ങളിലെ മികച്ച ലൈബ്രറികൾ കണ്ടെത്തി അവയ്ക്ക് സമ്മാനം നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. ലൈബ്രറി നവീകരണത്തിന്റെ ഭാഗമായി വിദ്യാലയങ്ങളിൽ വായനാമത്സരം, വായന വിളംബര ജാഥ, വായന സദസ്സ്, വായന കളരികൾ, ക്വിസ് മത്സരം എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ് യു. പി. സ്കൂളുകളിലും ഹൈസ്കൂളുകളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നു.

എസ്.എസ്.എ. പദ്ധതിയുടെ നടത്തിപ്പിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിന് നടപടി

16 [1117] ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
ശ്രീ. എം. പ്രകാശൻ മാസ്റ്റർ :
„ എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എ. പദ്ധതിയുടെ നടത്തിപ്പിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) എസ്.എസ്.എ. പദ്ധതി നടത്തിപ്പിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇപ്പോഴത്തെ ചുമതലകൾ എന്തെല്ലാം ;

(സി) തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് എസ്.എസ്.എ. പദ്ധതി നടത്തിപ്പിനായി മാച്ചിംഗ് ഗ്രാന്റിനത്തിൽ നൽകിയ തുകയുടെ വിശദാംശം വെളിപ്പെടുത്താമോ ;

(ഡി) മാച്ചിംഗ് ഗ്രാന്റ് ലഭ്യമാക്കാത്തതുമൂലം കേന്ദ്രത്തിൽ നിന്നും പദ്ധതിക്ക് സഹായം നൽകുന്നത് നിർത്തലാക്കും എന്ന് കേന്ദ്രം അറിയിച്ചിരുന്നോ ?

ഉത്തരം

(എ) പ്ലാനിംഗ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റികളിൽ പഞ്ചായത്ത് പ്രസിഡന്റിനെ പഞ്ചായത്തുതല അദ്ധ്യക്ഷനായും ജില്ലാതലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിനെ ചെയർമാനായും നിയമിച്ചിട്ടുണ്ട്. സ്കൂൾതലത്തിൽ വാർഡ് മെമ്പർമാരുടെ അദ്ധ്യക്ഷതയിലാണ് പ്ലാനുകൾ രൂപീകരിക്കപ്പെടുന്നത്. സ്കൂൾതലത്തിൽ രൂപീകരിക്കപ്പെടുന്ന പദ്ധതി പഞ്ചായത്തുതലത്തിൽ സൂക്ഷ്മമായി പരിശോധിച്ച് വേണ്ട മാറ്റങ്ങൾ വരുത്തി ജില്ലാതലത്തിൽ പ്ലാനിംഗ് ആന്റ് മോണിറ്ററിംഗ് സമിതി അംഗീകരിക്കുന്ന പദ്ധതിയാണ് കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികളും വാർഡ് മെമ്പറും ഉൾപ്പെടെ ഏകദേശം 15000 പ്രതിനിധികളുടെ പങ്കാളിത്തം ഉറപ്പുവരുത്തി പ്രാദേശിക ആവശ്യങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ടാണ് എസ്.എസ്.എ. പദ്ധതി നടപ്പിലാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിദ്യാഭ്യാസ പ്രശ്നങ്ങൾ കണ്ടെത്തുക, അപ്പർ പ്രൈമറി വരെയുള്ള വിദ്യാഭ്യാസ നിലവാരത്തെ വിലയിരുത്തിക്കൊണ്ട് വിദ്യാഭ്യാസ മേഖലയിൽ പുരോഗതിക്ക് പദ്ധതികൾ രൂപീകരിക്കുക, രൂപീകരിക്കപ്പെട്ട പദ്ധതികൾ നടപ്പിലാക്കുക, പദ്ധതികൾ അവലോകനം ചെയ്യുക, ആവശ്യമായ അർദ്ധ വാർഷിക തിരുത്തലുകൾ ചെയ്യുക, എസ്.എസ്.എ.-യുടെ ലക്ഷ്യങ്ങൾ പൂർണ്ണമായി നടപ്പാക്കുക, ആവശ്യമായ സഹകരണവും പങ്കാളിത്തവും നൽകുക മുതലായവയാണ് പ്രധാന ചുമതലകൾ.

(സി) എസ്.എസ്.എ. ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. ഇതിന്റെ അടങ്കൽ തുകയുടെ 25 ശതമാനം സംസ്ഥാന വിഹിതമാണ്. 2005-2006-ൽ തദ്ദേശഭരണ സ്ഥാപന വിഹിതം 31 കോടി രൂപയാണ്. പക്ഷേ 31-1-2006 വരെ 497 ലക്ഷം രൂപ മാത്രമേ സംസ്ഥാന വിഹിതമായി ലഭിച്ചിട്ടുള്ളു.

(ഡി) അറിയിച്ചിട്ടുണ്ട്.

കുന്ദമംഗലം എ.ഇ.ഒ. ഓഫീസിന്റെ വാടക കുടിശ്ശിക നൽകാൻ നടപടി

17 [1118] ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കുന്ദമംഗലം എ.ഇ.ഒ. ഓഫീസ് വാടക കെട്ടിടത്തിലാണോ പ്രവർത്തിക്കുന്നത് ;

(ബി) ഈ കെട്ടിട ഉടമ ആരാണെന്ന് വ്യക്തമാക്കുമോ ;

(സി) ഈ കെട്ടിടത്തിന് എത്ര രൂപയാണ് പ്രതിമാസ വാടക നിശ്ചയിച്ചിട്ടുള്ളത് ;

(ഡി) എത്ര മാസത്തെ വാടക നൽകിയെന്നും കുടിശ്ശിക എന്നു നൽകുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) അതെ.

(ബി) കെ. പി. പോക്കർ, കന്നട പിലാക്കൽ ഹൗസ്, പി. ഒ. കുന്ദമംഗലം എന്ന വ്യക്തിയാണ്.

(സി) പ്രതിമാസ വാടക നിശ്ചയിച്ചിട്ടില്ല. പ്രതിമാസം 2,836 രൂപ നിരക്കിൽ വാടക നൽകുവാനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ട്.

(ഡി) 1-1-2004 മുതൽ വാടക കുടിശ്ശിക നൽകുവാനുണ്ട്. വാടക നിശ്ചയിച്ചാലുടൻ കുടിശ്ശിക നൽകുന്നതിനുള്ള നടപടി ആരംഭിക്കും.

LIBRARY ARCHIVES Kerala Legislative Assembly